(സി) 2006 മുതൽ 2014 വരെ സർക്കാർ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത എത്ര ഒഴിവുകളാണ് പി.എസ്.സി.-യിൽ ലഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകളും നടപടികളും

35 (4366) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാമെതിരെ വിവിധ കുറ്റങ്ങൾക്ക് നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അവർക്കെതിരായ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് സെക്രട്ടറിമാർ, അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ എന്നിവരിൽ ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്., ഡോ. ബി. അശോക് ഐ.എ.എസ്., ശ്രീ. ജോസ് ഐസക് ഐ.എ.എസ്. എന്നിവർക്കെതിരെ അച്ചടക്ക നടപടിയെടുത്തിട്ടുണ്ട്. അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെടാത്ത വകുപ്പദ്ധ്യക്ഷൻമാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുനൽകുന്നതാണ്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്-നെ ഇതുവരെയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല. ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ ഐ.എ.എസ്.

36 (4367) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെപ്യൂട്ടി കളക്ടർമാർക്കു ഐ.എ.എസ്. പ്രൊമോഷൻ നൽകി വന്നിരുന്ന നിയമനത്തിലോ വ്യവസ്ഥകളിലോ എന്തെങ്കിലും ഭേദഗതി വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ 2014-ൽ ഐ.എ.എസ്. പ്രൊമോഷനു അർഹരായ ഡെപ്യൂട്ടി കളക്ടർമാർക്ക് അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ പിന്നാക്ക വിഭാഗക്കാരായ നാലു സീനിയർ ഡെപ്യൂട്ടി കളക്ടർമാരുടെ പേര് കേന്ദ്ര സർക്കാരിൽ DOPT-ക്ക് എപ്പോൾ സമർപ്പിക്കാൻ കഴിയും ;

(ഡി) നിലവിൽ പ്രൊമോഷൻ വഴി നികത്തേണ്ട ഐ.എ.എസ്. തസ്തികകൾ ഉണ്ടോ ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് അർഹതയുണ്ടായിട്ടും പ്രൊമോഷൻ വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണ് ?

ഉത്തരം

(എ) ഉണ്ട്. ഐ.എ.എസ്. പ്രൊമോഷന് പരിഗണിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടെ പരമാവധി പ്രായം 2015-ലെ സെലക്ട് ലിസ്റ്റ് (2016-ൽ പ്രൊമോഷന് പരിഗണിക്കുന്നത്) മുതൽ നിലവിലുള്ള 54 വയസ്സിൽ നിന്നും 56 വയസ്സായി കേന്ദ്ര പേഴ്സണൽ മന്ത്രാലയം ഉയർത്തിയിട്ടുണ്ട്.

(ബി-ഡി) ഐ.എ.എസ്. സ്ഥാനക്കയറ്റത്തിനുള്ള 2014 സെലക്ഷൻ വർഷത്തിലെ 'ഫീൽഡ് ഓഫ് ചോയിസിൽ' ഉൾപ്പെട്ടിട്ടുള്ളത് ശ്രീ. കെ. വി. മുരളീധരൻ എന്ന ഡെപ്യൂട്ടി കളക്ടർ മാത്രമാണ്. ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായുള്ള ശിക്ഷയുടെ കാലാവധി 21-7-2015-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. അർഹതയുള്ള യാതൊരു ഡെപ്യൂട്ടി കളക്ടറുടെയും ഐ.എ.എസ്. സ്ഥാന കയറ്റത്തിനുള്ള അവസരം നിഷേധിച്ചിട്ടില്ല. ഒരാൾ സർവ്വീസിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് പ്രൊമോഷൻ നൽകുന്നതിന് കേരളത്തിൽ പിന്നാക്കമാണോ മുന്നാക്കമാണോ എന്നു പ്രത്യേകമായി പരിഗണിക്കാറില്ല. അച്ചടക്ക നടപടികളുടെ സാധുതാകാലയളവ് പൂർത്തീകരിച്ചു കഴിഞ്ഞതും. 8 വർഷത്തെ ഡെപ്യൂട്ടി കളക്ടർ സേവന പരിചയവും തൻവർഷം 54 വയസ്സ് പൂർത്തീകരിക്കാത്തതുമായ അർഹത്പ്പെട്ടവർ ഇല്ലാതിരുന്നതിനാലാണ് ഈ കാലയളവിൽ ഐ.എ.എസ്. പ്രൊമോഷനായി ആരെയും പരിഗണിക്കാതിരുന്നത്. നിലവിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസിൽ നിന്നും സ്ഥാനക്കയറ്റം വഴി നികത്തേണ്ട നിരവധി ഐ.എ.എസ്. ഒഴിവുകൾ ഉണ്ടെങ്കിലും അർഹരായ ഉദ്യോഗസ്ഥരുടെ അഭാവംമൂലമാണ് ആയത് നികത്താൻ സാധിക്കാത്തത്. നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 1-1-2015-ൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയവരും 2015 സെലക്ഷൻ വർഷത്തിൽ ഐ.എ.എസ്. ലഭിക്കാൻ അർഹതയുള്ളതുമായ പിന്നാക്ക വിഭാഗത്തിൽപ്പെട്ടത് ഉൾപ്പെടെയുള്ള എല്ലാ ഡെപ്യൂട്ടി കളക്ടർമാരുടെയും സ്ഥാനക്കയറ്റത്തിനുള്ള ശിപാർശ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly